"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-27994/2022/PrHQ ; തീയതി : 17-11-2022

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 07/11/2022 തീയതിയിലെ 209/എ.ആർ 13(2) /2020/ഉഭപവ നമ്പർ സർക്കുലർ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും**

**കേരള സർക്കാർ**

നം.209/ എ.ആർ13(2)/ 2022/ ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്,
തിരുവനന്തപുരം, തീയതി.07.11.2022

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർക്കാരിൽ നിന്നുള്ള മറുപടികൾ ഇ-മെയിൽ മുഖേന നൽകുന്നത് - സംബന്ധിച്ച്

സർക്കാർ ഓഫീസ് നടപടികൾ ലളിതമാക്കുവാനും വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ ഓഫീസുകളിൽ നിന്നുള്ള മറുപടികൾ ഇ-മെയിൽ മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. സർക്കാർ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളിലും അപേക്ഷകളിലും നിവേദനങ്ങളിലും മറുപടി ഇ-മെയിൽ വഴി മാത്രം മതി എന്ന് പ്രത്യേകം സൂചിപ്പിക്കുന്ന കേസുകളിൽ അപ്രകാരം മറുപടി അയച്ചാൽ മതിയാകും. തപാൽ മുഖേന വീണ്ടും മറുപടി അയക്കേണ്ടതില്ല.

2. ഇ-മെയിൽ മുഖേന മറുപടി നൽകുമ്പോൾ 'ഇ-മെയിൽ മുഖേന' (By e-mail) എന്ന് മറുപടി കത്തിൽ രേഖപ്പെടുത്തി ഔദ്യോഗിക മേൽ വിലാസത്തിൽ നിന്ന് തന്നെ മറുപടി അയക്കേണ്ടതാണ്.

3. ഇ-മെയിൽ അയച്ച തീയതിയും സമയവും ഫയലിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡോ. ആഷ തോമസ് ഐഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കും മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/ ജില്ലാകളക്ടർമാർക്കും/ഓഫീസ് തലവൻമാർക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Depi

സെക്ഷൻ ഓഫീസർ